WEDNESDAY ബുധനാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : George Sebastian** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

**02-06-2021**

## കാർഷികവാർത്തകൾ

### 1. കർഷകസാന്ത്വനം

വെള്ളായണി ദക്ഷിണമേഖലാ പ്രാദേശിക ഗവേഷണ കേന്ദ്രം നടത്തുന്ന 'കർഷകസാന്ത്വനം ' എന്ന പദ്ധതി ഓൺലൈൻ സംവിധാനത്തിൽ ലഭ്യമാണ്. കർഷകരുടെ പ്രശ്നങ്ങൾ വിലയിരുത്തി പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനായി കർഷകർക്കു താഴെ പറയുന്ന കാർഷികവിദഗ്ധരെ വിളിക്കുകയോ സന്ദേശങ്ങൾ അയക്കുകയോ ചെയ്യാവുന്നതാണ്. ബന്ധപ്പെടേണ്ട വിദഗ്ധരുടെ ഫോൺ നമ്പറുകൾ ഇനി പറയുന്നു.

1 കീടനിയന്ത്രണം, പൊതുവായ കാർഷികപ്രശ്നങ്ങൾ എന്നിവയ്ക്ക് – ഡോ. സന്തോഷ്കുമാർ ടി – 8547058115

2 രോഗനിയന്ത്രണം, കൂൺകൃഷി എന്നിവയിലെ സംശയങ്ങൾക്ക് ഡോ .ഹീര ജി – 8921541980

3 സുഗന്ധവിള-വാണിജ്യവിള പരിപാലനം എന്നീ വിഷയങ്ങൾക്ക് ഡോ . ശ്രീകല ജി.സ് -8547105571

4 തേനീച്ചവളർത്തൽ സംബന്ധിച്ച് സംശയങ്ങൾക്ക് ഡോ.അമൃത വി സ് – 9447428656

5 പഴവർഗ്ഗ കൃഷി സംബന്ധിച്ച് സംശയങ്ങൾക്ക് വിഷയങ്ങൾക്ക് ഡോ. സിമി എസ് – 9946867991

6 വിള പരിപാലനം, കാലിതീറ്റ, പുൽകൃഷി എന്നിവയിലെ സംശയങ്ങൾക്ക് ഡോ. ഉഷ സി തോമസ് – 9496301170

### 2. ടെലിവെറ്ററിനറി സംവിധാനം

സംസ്ഥാനത്ത് കോവിഡ് വ്യാപനവും ലോക്ക്ഡൌണും തുടരുന്ന സാഹചര്യത്തിൽ വളർത്തുമൃഗങ്ങളുടെ പരിപാലനവും മൃഗചികിത്സയും സംബന്ധിച്ച സംശയങ്ങൾ ദൂരീകരക്കുന്നതിനും ചികിത്സ ഉപദേശങ്ങൾ നൽകുന്നതിനുമായി മൃഗസംരക്ഷണവകുപ്പ് ടെലിവെറ്ററിനറി സംവിധാനം സജ്ജീകരിച്ചിട്ടുണ്ട്. ജില്ലാതലത്തിൽ രാവിലെ എട്ടുമണിമുതൽ ഉച്ചയ്ക്ക് ഒരുമണിവരെ പ്രവർത്തിക്കുന്ന കാൾ സെന്റർ നമ്പരുകൾ ഇനി പറയുന്നു.

| | |
|---|---|
| തിരുവനന്തപുരം -0471-2302643 | കൊല്ലം -0474-2795076 |
| പത്തനംതിട്ട - 0468-2270908 | ആലപ്പുഴ - 0477-2252635 |

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**02-06-2021**

| | |
|---|---|
| കോട്ടയം - 0481 -2564623 | ഇടുക്കി - 0486-2223878 |
| എറണാകുളം -0484-2351264 | തൃശ്ശൂർ - 0487-2440232 |
| പാലക്കാട് - 9447303310 | മലപ്പുറം - 0483- 2734815 |
| കോഴിക്കോട് -0495-2368349 | വയനാട് -04936 -202729 |
| കണ്ണൂർ - 0497- 2700184 | കാസർഗോഡ് - 04994-224624 |

**3. ഓണത്തിന് ഒരു മുറം പച്ചക്കറി**

ഓണത്തിന് ഒരു മുറം പച്ചക്കറി എന്ന ആശയം പ്രായോഗികമാക്കുന്നതു ലക്ഷ്യമിട്ടുകൊണ്ട് കർഷകർക്കും, വിദ്യാർഥികൾക്കും, വനിതാഗ്രൂപ്പുകൾക്കും, സന്നദ്ധസംഘടനകൾക്കും കൃഷിഭവൻ മുഖാന്തിരം സൗജന്യമായി പച്ചക്കറി വിത്തുകളും തൈകളും നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് പ്രാദേശിക കൃഷി ഓഫീസുമായി ബന്ധപ്പെടുക.

**4. തീറ്റപ്പുൽകൃഷിയ്ക്കുള്ള അപേക്ഷ ക്ഷണിക്കുന്നു**

തീറ്റപ്പുൽകൃഷി ചെയ്യാൻ താൽപ്പര്യമുള്ള കർഷകരിൽനിന്നും ക്ഷീരവികസന വകുപ്പ് അപേക്ഷ ക്ഷണിക്കുന്നു. തിരുവനന്തപുരം ജില്ലയിലെ കർഷകർ ബ്ലോക്ക്തല ക്ഷീരവികസന യൂണിറ്റ് ഓഫീസിലോ സമീപത്തെ ക്ഷീരസഹകരണസംഘത്തിലോ ജൂൺമാസം ഇരുപത്തിഒന്നാം തീയതിയ്ക്കു മുമ്പായി അപേക്ഷ സമർപ്പിയ്ക്കേണ്ടതാണ്.

**ഓൺലൈൻ പരിശീലനങ്ങൾ**

5. കേരള വെറ്ററിനറി സർവകലാശാല 'മൃഗസംരക്ഷണമേഖലയിലെ വർഷകാല മുന്നൊരുക്കങ്ങളെ' ആധാരമാക്കി നടത്തുന്ന കർഷകോൻമുഖവിദഗ്ദ്ധഭാഷണ പരമ്പരയിൽ ഇന്ന് (02-06-2021 ന്) വൈകിട്ട് 5.00 മണിക്ക് 'മഴക്കാല കുളമ്പുരോഗങ്ങളും പ്രതിവിധികളും' എന്ന വിഷയത്തിനെ അടിസ്ഥാനപ്പെടുത്തി സർവകലാശാല പ്രൊഫസർ ഡോ ജോൺ മാർട്ടിന്റെ ആമുഖഭാഷണവും തുടർന്ന് അസിസ്റ്റന്റ് പ്രൊഫസർ ഡോ ലൈജു എം ഫിലിപ്പിന്റെ പ്രഭാഷണവും ഉണ്ടായിരിക്കുന്നതാണ്. നാളെ (03-06-2021 ന്) 'കന്നുകാലികളിലെ വിഷബാധ' എന്നതാണ് പ്രഭാഷണ വിഷയം. വിശദ വിവരങ്ങൾക്കായി ഫോൺകോളിലൂടെയോ വാട്സ്ആപ്പിലൂടെയോ ഇനി പറയുന്ന നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ് – 9446625160 / 9895213500

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**02-06-2021**

6. **തിരുവനന്തപുരം വെള്ളനാട് മിത്രാനികേതൻ കൃഷിവിജ്ഞാനകേന്ദ്രത്തിൽ** ജൈവപച്ചക്കറി കൃഷി, കൃഷിച്ചിലവ് നിയന്ത്രിക്കാൻ കാർഷിക യന്ത്രവൽക്കരണം, ശാസ്ത്രീയ തെങ്ങുകൃഷി, ചക്കയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും , ശാസ്ത്രീയ കൂൺകൃഷി, ശാസ്ത്രീയ നെൽകൃഷി, വാഴപ്പഴത്തിന്റെ മൂല്യദ്ധിത ഉൽപ്പന്നങ്ങൾ, വർഷം മുഴുവൻ കൃഷി ചെയ്യുവാൻ മഴമറ, പച്ചക്കറികൃഷിയിൽ ജൈവ രോഗ-കീട നിയന്ത്രണ മാർഗങ്ങൾ, മട്ടുപ്പാവിലെ പച്ചക്കറി കൃഷി തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം നൽകുന്നു. ജൂൺ മാസം നാലാം തീയതി തുടങ്ങുന്ന പരിശീലനങ്ങളെ കുറിച്ച് കൂടുതൽ വിവരങ്ങൾക്ക് **9446911451** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

7. **ക്ഷീരകർഷകരുടെ ശ്രദ്ധയ്ക്ക്**

പശു എരുമ മുതലായ വളർത്തുമൃഗങ്ങളിൽ വിരമരുന്നു നൽകുന്നതിനായി മണ്ണുത്തി വെറ്ററിനറി കോളേജ് പരാദവിഭാഗം നൽകുന്ന നിർദ്ദേശങ്ങൾ ഇനി പറയുന്നു. കന്നുകുട്ടികൾ ജനിച്ച് ഒരണ്ടാഴ്ച്ചയ്ക്കുള്ളിൽ ആദ്യത്തെഡോസ് ഒരു വിരമരുന്നു നൽകണം .തുടർന്ന് നാലാഴ്ച കഴിഞ്ഞു ഒരു തവണ കൂടി വിരമരുന്നു കൊടുക്കാവുന്നതാണ്. മഴക്കാലം തുടങ്ങി മൂന്ന് ആഴ്ച്ചക്കു ശേഷം എല്ലാ ഉരുക്കൾക്കും ഒരു തവണ വിര മരുന്നു നൽകാവുന്നതാണ്. രക്തം കലർന്നതോ കഫവും രക്തവും കലർന്നതോ ആയ വയറിളക്കം, ശരീരം മെലിച്ചിൽ മുതലായ രോഗലക്ഷണങ്ങൾ കണ്ടാൽ വെറ്ററിനറി ഡോക്ടറുടെ നിർദേശ പ്രകാരം ചാണകം പരിശോധിച്ചതിനു ശേഷം വിരമരുന്നു നൽകേണ്ടതാണ്. ഗർഭിണിയായ പശുവിനു പ്രസവത്തിനു രണ്ടു-മൂന്നാഴ്ച മുൻപ് വിരമരുന്ന് നല്കാവുന്നതാണ്. ഒരുവയസ്സിനു താഴെ പ്രായമുള്ള കന്നുകുട്ടികളിൽ പ്രതിരോധകുത്തിവെപ്പിനു രണ്ടോ മൂന്നോ ആഴ്ച്ച മുൻപ് വിരമരുന്ന് നല്കാവുന്നതാണ്. എന്നാൽ ഒരു വയസിനു മുകളിൽ പ്രായമുള്ളവയ്ക്കു മഴക്കാലം തുടങ്ങുമ്പോൾ വിരമരുന്ന് നൽകിയിട്ടുണ്ടെങ്കിൽ വേറെ വിരമരുന്നു നൽകേണ്ടതില്ല .